MONDAY 06-09-2021 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian

Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) – 06/09/2021

1. ഫാം ഇൻഫർമേഷൻ ബ്യൂറോ ഡിജിറ്റൽ വീഡിയോ മത്സരം 2021 അമച്വർ വിഭാഗം, ഡിജിറ്റൽ വീഡിയോ മത്സരം (ടി.വി. ചാനൽ) വിഭാഗം, ഡിജിറ്റൽ ഫോട്ടോഗ്രഫി മത്സരം, കാർഷിക ലേഖന രചനാ മത്സരം, കാർഷിക ചെറുകഥ രചനാ മത്സരം എന്നിവയിലേക്ക് എൻട്രികൾ ക്ഷണിക്കുന്നു. എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ തിരുവനന്തപുരം-3 എന്ന മേൽവിലാസത്തിൽ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് എന്നിവ വഴി നേരിട്ടോ fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ, **6238039997** എന്ന വാട്ട്സാപ്പ് നമ്പരിലോ അയയ്ക്കേണ്ടതാണ്. എൻട്രികൾ അയയ്ക്കേണ്ട അവസാന തീയതി **സെപ്റ്റംബർ 30.** കൂടുതൽ വിവരങ്ങൾക്ക് **0471-2314358, 6238039997** എന്ന നമ്പരിൽ ബന്ധപ്പെടുക.

2. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം സംസ്ഥാനത്ത് പുൽകൃഷി പുനരുജ്ജീവിപ്പിക്കാനും വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതി പ്രകാരം ഒരേക്കർ ഭൂമിയിൽ പുൽകൃഷി ചെയ്യുന്ന കർഷകർക്ക് 12146 രൂപ സബ്സിഡി ഇനത്തിൽ നൽകുന്നു. കുറഞ്ഞത് 20 സെന്റ് ഭൂമി ഉള്ള കർഷകർക്ക് ഈ പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

3. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കുരുവില്ലാത്ത തണ്ണിമത്തൻ ( സ്വർണ്ണ, ഷോണിമ), സാലഡ് കുക്കുമ്പർ (KPCH -1) എന്നിവയുടെ ഹൈബ്രിഡ് വിത്തുകളും കുരുവുള്ള തണ്ണിമത്തൻ (ഷുഗർബേബി), പയർ (ഭാഗ്യലക്ഷ്മി, കാശീകാഞ്ചൻ, അനശ്വര, വൈജയന്തി), വഴുതന (സൂര്യ), വെള്ളരി (സൗഭാഗ്യ), ശീമപ്പയർ, ചീര (അരുൺ) എന്നിവയുടെ നാടൻ വിത്തുകളും വില്പനയ്ക്കുണ്ട്. വില്പന സമയം 9 മുതൽ 4 വരെ. കൂടുതൽ വിവരങ്ങൾക്ക് 9188248481 നമ്പറുമായി ബന്ധപെടുക.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**പരിശീലന പരിപാടികൾ**

4. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 6,7,8 തീയതികളിലായി (സെപ്റ്റംബർ 6,7,8) **വരുമാനം ഇരട്ടിയാക്കാൻ തേനീച്ച വളർത്തൽ** എന്ന വിഷയത്തിൽ ത്രിദിന ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **956780455** എന്ന നമ്പരിൽ ബന്ധപ്പെടുക.

5. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (06/09/2021 ന്) രാവിലെ 10.30 മണിക്ക് സഹകരണ നിയമം, ചട്ടം, പ്രധാനപ്പെട്ട സർക്കാർ ഉത്തരവുകൾ ഭക്ഷ്യ സുരക്ഷ നിയമം - 2006 :പാൽ, ഗുണനിലവാര പരിശോധനയുടെ പ്രാധാന്യം, ഓഡിറ്റ് റെക്റ്റിഫിക്കേഷൻ (http://meet.google.com/bxi-hhcj-ovh) വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു.

6. പത്തനംതിട്ട ജില്ലയിലെ അടൂർ ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ (07-9-21 ന്) രാവിലെ 11 മണിയ്ക്ക് **ഭക്ഷ്യസുരക്ഷാനിയമം ക്ഷീരമേഖലയിൽ** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **9447400261** എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

7. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 10-ന് (10/09/2021 നു ) രാവിലെ 11 മണിക്ക് **ആദായകരമായ പാലുൽപാദനം** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് 0481- 2302223 / 9447824520 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

8. ആതവനാട് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് കർഷകർക്ക് വേണ്ടി ഈ മാസം 8-ാം തീയതി (സെപ്റ്റംബർ 8-ന്) വൈകിട്ട് 7 മണി മുതൽ **ആട് വളർത്തലിന്റെ സമകാലിക പ്രാധാന്യം സാമ്പത്തിക വിശകലനം** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി ഓൺലൈൻ പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ **9446424556** എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യണമെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മുഖേന ഈ മാസം 8-ന് ആടുവളർത്തൽ, 14-ന് താറാവു വളർത്തൽ, 21-ന് ഓമനപക്ഷികളുടെ പരിപാലനം, 23-ന് മുയൽ വളർത്തൽ, 28-ന് ഇറച്ചിക്കോഴി വളർത്തൽ, 30-ന് തീറ്റപ്പുൽകൃഷി എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താല്പര്യമുള്ളവർ **04829–234323** എന്ന ഫോൺ നമ്പറിൽ വിളിച്ചോ **9188522706** എന്ന നമ്പരിൽ പേരും പരിശീലന വിഷയവും വാട്സ് ആപ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

10. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 8,9 തീയതികളിൽ പശു വളർത്തൽ, 16,17 തീയതികളിർ ഇറച്ചിക്കോഴിവളർത്തൽ, 27-ന് താറാവു വളർത്തൽ, 29,30 തീയതികളിൽ നായവളർത്തൽ എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918** എന്ന ഫോൺ നമ്പരിലോ **9188522701.** എന്ന വാട്ട്സാപ്പ് നമ്പരിലോ ബന്ധപ്പെടുക.

11. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർമേഖലയിലെ സംരംഭകത്വവികസനത്തിൽ ഈ മാസം 08-ന് (സെപ്റ്റംബർ 08-ന്) ഏകദിന ഓൺലൈൻ പരിശീലനം നൽകുന്നു. ആർ.എസ്.എസ്. ഗ്രേഡ് ഷീറ്റുകളുടെ നിർമ്മാണം, റബ്ബർപാലിൽനിന്നും ഉണക്കറബ്ബറിൽനിന്നുമുള്ള ഉത്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിലെ നിക്ഷേപസാദ്ധ്യതകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481–2353127** എന്ന ഫോൺ നമ്പറിലോ **0481–2353201** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ